# ജലമർമ്മരം

സി. ചന്ദ്രബാബു

പരിസ്ഥിതി പ്രശ്നവും അത് മനുഷ്യാവസ്ഥയിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങളും മലയാള സിനിമക്ക് ഒരിക്കലും ഗൗരവമായ വിഷയമായിരുന്നിട്ടില്ല. ഇതിന് ഒരപവാദമാണ് ഈയിടെ കോഴിക്കോട് നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിച്ച "ജലമർമ്മരം" എന്ന ചിത്രം. അന്താരീക്ഷത്തെ പുകകൊണ്ടും നദിയെ രാസമാലിന്യങ്ങൾ കൊണ്ടും വിഷലിപ്തമാക്കുന്ന ഒരു ഫാക്ടറിയും ആ ഫാക്ടറി പൂട്ടാനാവശ്യപ്പെട്ടുകൊണ്ട് ഫാക്ടറിയിലെ തന്നെ ഒരു വിഭാഗം തൊഴിലാളികളുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിന്റെയും പശ്ചാതലത്തിൽഇതൾ വിരിയുന്ന ഇതിവൃത്തമാണ് ഈ ചലച്ചിത്രത്തിന്റെ പ്രമേയം. പരിസ്ഥിതി പ്രവർത്തകനായ തൊഴിലാളി കാൻസർ ബാധിച്ച് മരിക്കുന്നു. അന്യമതത്തിൽ നിന്നും വിവാഹം കഴിച്ച മുസ്ലീം സമുദായാംഗമായ അയാളുടെ ഭൗതിക ദേഹം എവിടെ സംസ്കരിക്കണം എന്ന നാട്ടുകാരുടെയും സുഹൃത്തുക്കളുടെയും ആശങ്കയും ആകാംക്ഷയുംമുറ്റി നിൽക്കുന്ന അന്തരീക്ഷത്തിൽ സിനിമ ആരംഭിക്കുന്നു. തൊഴിലാളിയുടെ ഭൗതിക ശരീരത്തിൽ റീത്ത് സമർപ്പിക്കുന്നവരുടെ കൂട്ടത്തിൽ ഫാക്ടറിയുടെ എം.ഡിയും ഉണ്ട് എന്നത് ആധുനിക മനേജ്മെന്റ് തന്ത്രത്തിന്റെ ഒരു ക്രൂര വിനോദമായും പ്രേക്ഷകർക്ക് അനുഭവപ്പെടും. തൊഴിലാളിയുടെ മരണത്തിൽ അനുശോചിച്ചുകൊണ്ടുള്ള ഹർത്താൽ അയാൾ നടത്തിയ സമര പരിപാടികൾ എന്നിവയുടെ രംഗങ്ങൾ ഇടകലർത്തി അവതരിപ്പിച്ചിരിക്കുന്നു. തൊഴിലാളി കാൻസർ ബാധിച്ച് മരിച്ചത് പരിസ്ഥിതി ദൂഷണം കൊണ്ടല്ല പുകവലികൊണ്ടാണെന്നാണ് ഫാക്ടറി മാനേജ്മെന്റിന്റെ വാദം.എങ്കിലും തൊഴിലാളിയുടെ കുടുംബത്തിന് നിയമാനുസൃത ആനുകൂല്യങ്ങൾ നൽകാൻ ഫാക്ടറി മാനേജ്മെന്റ് തയ്യാറാകുന്നു. പക്ഷെ പരിസ്ഥിതി പ്രവർത്തക കൂടിയായ തൊഴിലാളിയുടെ വിധവ അത് നിഷേധിക്കുന്നു.

ഈ ഘട്ടത്തിൽ നിന്ന് ഇതിവൃത്തം വികസിക്കുന്നത് നായകന്റെ എട്ട് വയസ്സുള്ള മകന്റെ വീക്ഷണത്തിലൂടെയാണ്.

നായകൻ, കുട്ടിയായ മകന് പറഞ്ഞുകൊടുക്കുന്ന ജലകന്യകയുടെ കഥയും ജല കന്യക ജീവിക്കുന്നു എന്ന അവന്റെ അഗാധ വിശ്വാസവും അനുദിനം മലീമസമായിക്കൊണ്ടിരിക്കുന്ന പുഴയിൽ നിന്ന് അതിനെ എങ്ങനെ രക്ഷിക്കും എന്ന ചിന്തയും ഒക്കെ തന്മയത്വത്തോടെ തന്നെ ചിത്രീകരിച്ചിട്ടുണ്ട്. ബാല മനസ്സിന്റെ വിഹ്വലതക്കൊപ്പം ജീവന്റെ നിലനിൽപിന് ആധാരമായ ജലം ഒരു അപകട വസ്തുവോ അപൂർവ്വ വസ്തുവോ ആയി മാറുന്ന ആധുനിക യാഥാർത്ഥ്യം പ്രേക്ഷക മനസ്സിനെ ആഴത്തിൽ അസ്വസ്ഥമാക്കുന്നുണ്ട്.

ഇതിനിടെ സർക്കാറിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന കാർണിവലിൽ ജലകന്യക ഒരു പ്രദർശന വസ്തുവായി തീരുന്നു. കാർണിവലിലെ ജലകന്യക യഥാർത്ഥ ജലകന്യകയാണെന്ന് വിശ്വസിക്കുന്ന ബാലൻ കാർണിവലിലെ നിത്യ സന്ദർശകനാവുന്നു. കാർണിവലിലെ തട്ടിപ്പിനെതിരെയും പരിസ്ഥിതി പ്രവർത്തകർ തിരിയുന്നുണ്ട്. കാർണിവലിലെ ടാങ്കിൽ ജലകന്യക സുരക്ഷിതയാണെന്ന് കരുതുന്ന ബാലന് അത് തെറ്റാണെന്ന് ബോദ്ധ്യമാകുമ്പോൾ അതിനെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ആരായുന്നു.

അനുദിനം വഷളാവുന്ന പരിസ്ഥി ദൂഷണത്തിന്റെ ദൃഷ്ടാന്തമെന്നോണം ഗ്രാമത്തിലെ എല്ലാ കിണറുകളും മാലിനമാവുകയും കിണറിന്റെ വായ ടാർപ്പായകൊണ്ട് മൂടി ടാങ്കറുകൾ ഉപയോഗിച്ച് വെള്ളം വിതരണം നടത്തുകയും ചെയ്യുന്നരംഗം ജല സുരക്ഷിതത്വത്തിൽ അഹങ്കരിക്കുന്ന മലയാളിയുടെ മനസ്സിനേൽക്കുന്ന വലിയ ആഘാതമാണ്.

പാരിസ്ഥിതികവും ഭൗതികവുമായ ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തിക്കൊണ്ട് പച്ചക്കാടുകളും ശുദ്ധവായുവും തേടി ഓടുന്ന രണ്ട് കുട്ടികൾ. "കുട്ടികൾക്ക് സ്വപ്നം കാണുന്നതിനുള്ള ശേഷി ഇനിയും നഷ്ടപ്പെട്ടിട്ടില്ല, പക്ഷെ മുതിർന്നവരുടെ സ്ഥതി എന്താണ്?" എന്ന ചോദ്യത്തോടെ ചിത്രം അവസാനിക്കുന്നു.

ഈ വർഷത്തെ മികച്ച രണ്ടാമത്തെ ചലച്ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് ജലമർമ്മരത്തിനാണ് ലഭിച്ചത്. രാധിക നിർമ്മിച്ച ഈ ചിത്രത്തിന്റെ സംവിധാനം ടി. കെ. രാജീവ്കുമാർ നിർവ്വഹിച്ചിരിക്കുന്നു.

ബി. ഉണ്ണികൃഷ്ണനും ടി.കെ. രാജീവ്കുമാറും ചേർന്ന് തയ്യാറാക്കിയ തിരക്കഥക്ക് ഈ വർഷത്തെ മികച്ച തിരക്കഥക്കുള്ള അവാർഡും ലഭിച്ചിട്ടുണ്ട്. എറ്റവും നല്ല പാരിസ്ഥിതിക ചിത്രത്തിനും ബാലനടനുമുള്ള(അശ്വിൻ തമ്പി)ഈ വർഷത്തെ ദേശീയ അവാർഡുകളുംജലമർമ്മരത്തിനാണ് ലഭിച്ചത് . പ്രധാന നടന്റെ വേഷം കൈകാര്യം ചെയ്തത് എഴുത്തുകാരനും ചലച്ചിത്ര നിരൂപകനുമായ വി. സി. ഹാരീസ് ആണ്. കേവലം എട്ട് ലക്ഷം രൂപ മാത്രം മുടക്കി സാമൂഹ്യ പ്രാധാന്യമുള്ള ഒരു ചലചിത്രം നിർമ്മിക്കാൻ കഴിഞ്ഞതിൽ ഇതിന്റെ ശിൽപികൾക്ക് തീർച്ചയായും അഭിമാനിക്കാം.